## സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ - ഒരു ആമുഖക്കുറിപ്പ്

ഐക്യരാഷ്ട്രസംഘടനയുടെ പൊതു അസംബ്ലി 2002-ൽ കൂടിയ പ്രത്യേക സമ്മേളനത്തിൽ കുട്ടികളുടെ സംരക്ഷണത്തിനും അവകാശങ്ങൾക്കും വേണ്ടി അംഗരാജ്യങ്ങൾ കൈക്കൊള്ളേണ്ട നടപടികളുടെ രൂപരേഖ തയ്യാറാക്കുകയുണ്ടായി. ഇന്ത്യയും ഈ ചാർട്ടിൽ ഒപ്പുവച്ച അംഗരാജ്യങ്ങളിലൊന്നായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള നയരൂപീകരണത്തിന്റെ ഭാഗമായി Commissions for Protection of Child Rights Act, 2005 എന്ന കേന്ദ്രനിയമം പ്രാബല്യത്തിൽ വന്നു. ഇതു പ്രകാരം കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും കുട്ടികളുടെ അവകാശ സംരക്ഷണാർത്ഥമുള്ള കമ്മീഷനുകൾ നിലവിൽ വന്നു.

അതിൻപ്രകാരം 2012-ൽ കേരളത്തിലും കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള സംസ്ഥാന കമ്മീഷൻ പ്രാബല്യത്തിൽ വരികയും ചെയർപേഴ്സന്റെ നിയമനത്തോടെ ഇപ്പോൾ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയാണ് ഈ കമ്മീഷന്റെ പ്രധാന ചുമതല. കുട്ടികളുടെ അവകാശവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതും ഈ കമ്മീഷന്റെ ഉത്തരവാദിത്തമാണ്. കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നുവെന്ന് പരാതി കിട്ടിയാൽ അന്വേഷിച്ച് നടപടിയെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ഈ കമ്മീഷന്റെ ലക്ഷ്യത്തിൽ ഉൾപ്പെടുന്നു. അത്തരം അവകാശ ലംഘനങ്ങൾ ഉണ്ടായാൽ അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടതും ഈ കമ്മീഷനാണ്. കുട്ടികളുടെ അവകാശങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക, ഇതു സംബന്ധിച്ച ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക, കുട്ടികളുടെ അവകാശങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക എന്നിവയും കമ്മീഷന്റെ കടമകളിൽ ഉൾപ്പെടുന്നുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്ന പ്രക്രിയ പരിശോധിക്കേണ്ട ചുമതലയും ഈ കമ്മീഷനാണ്.

കുട്ടികളെ സംബന്ധിച്ച് വളരെ നിർണായക ഇടപെടലുകൾ സാമൂഹിക ജീവിതത്തിൽ നടത്താൻ ചുമതലപ്പെട്ട കമ്മീഷന് യോജിച്ച ഒരു "**ലോഗോ**" തയ്യാറാക്കാനുള്ള അവസരം സ്കൂൾതല മത്സരത്തിലൂടെ കുട്ടികൾക്ക് നൽകാൻ ഉദ്ദേശിച്ചു കൊണ്ട് കമ്മീഷൻ ചെയർപേഴ്സൺ വിദ്യാഭ്യാസ വകുപ്പിനോട് സഹായം അഭ്യർത്ഥിച്ചിരുന്നു. കുട്ടികളുടെ അവകാശസംരക്ഷണത്തിനുള്ള സംസ്ഥാന കമ്മീഷന്റെ ലക്ഷ്യങ്ങളും ചുമതലകളും പ്രതിനി

ധാനം ചെയ്യുന്ന ചിഹ്ന (ലോഗോ) മാണ് തയ്യാറാക്കേണ്ടത്. ഹൈസ്കൂൾ മുതൽ ഹയർ സെക്കന്ററി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒന്നോ അതിലധികമോ നിറങ്ങൾ ലോഗോ രൂപകല്പനയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

സ്കൂൾതല മത്സരങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന രചനകളുടെ ചുരുക്കപ്പട്ടിക ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും അവയിൽ നിന്ന് കമ്മീഷൻ രൂപം നൽകുന്ന ഒരു പരിശോധനാസമിതി, കമ്മീഷന്റെ ഉദ്ദിഷ്ട ലക്ഷ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന ഒരു ചിഹ്നം തെരഞ്ഞെടുക്കുന്നതുമാണ്. ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്ന രചനകൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.

## പ്രധാന വെബ്സൈറ്റുകൾ

http://www.ncpcr.gov.in

http://www.ncpcr.gov.in/The NCPCR Chid Rights Manual.pdf

http://www.ncpcr.gov.in/Acts/National Commission for Protection of Child Rights Act 2005.pdf

http://www.ncpcr.gov.in/Acts/National Commission for Protection of Child Rights NCPCR Rules.pdf

http://www.ncpcr.gov.in/ncpcr_powers.htm

http://www.ncpcr.gov.in/publications_reports.htm

sics.kerala.gov.in/ideas/file/godocumentdownload.php

**A. ARUN KUMAR**
Additional Director of
Public Instruction (Academic)
Directorate of Public Instructions
Thiruvananthapuram-14

നം.എസ്.എസ്.(1)/2013/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:12/07/2013.

പൊതുവിദ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.

സർ

**വിഷയം**:-പൊ.വി.-കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള സംസ്ഥാന കമ്മീഷന്റെ ലോഗോ തയ്യാറാക്കുന്നതിനുള്ള രചന മത്സരം സംഘടിപ്പിക്കുന്നത് സംബന്ധിച്ച്--

**സൂചന**:- 08/07/2013 ന് കൂടിയ വീഡിയോ കോൺഫറൻസ്.

മേൽ വിഷയം സംബന്ധിച്ചുള്ള സൂചനയിലെ കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 08/07/2013 ൽ നടന്ന വീഡിയോ കോൺഫറൻസിലെ തീരുമാനപ്രകാരം താഴെപ്പറയുന്ന സമയപ്പട്ടിക അനുസരിച്ച് മത്സരങ്ങളുടെ രചനകൾ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ക്ക് ലഭിക്കത്തക്കവിധം ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് താൽപര്യപ്പെടുന്നു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രവർത്തന മേഖല സംബന്ധിച്ചുള്ള ഒരു ആമുഖക്കുറിപ്പും ബന്ധപ്പെട്ട വെബ്സൈറ്റുകളുടെ പേരും ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

1. ഹെഡ്മാസ്റ്റർമാരുടെ യോഗം:-
   18/07/2013 ന് മുമ്പായി ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എല്ലാ ഹെഡ്മാസ്റ്റർ-മാരുടെയും യോഗം ചേർന്ന് മത്സരത്തെക്കുറിച്ചും കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചും വിവരിച്ചു നൽകണം. സ്കൂളിലെ പൊതു അസംബ്ളിയിൽ ഇക്കാര്യം അവതരിപ്പിക്കാൻ നിർദ്ദേശിക്കണം.
2. സ്കൂൾതലത്തിൽ മെച്ചപ്പെട്ട രചനകൾ ജില്ലാ വിദ്യാഭ്യാസ ആഫീസർ തലത്തിൽ ശേഖരിച്ച് 22/07/2013 ന് മുമ്പായി ഡി.ഡി. ആഫീസിൽ എത്തിക്കണം.
3. 27/07/2013 ന് മുമ്പായി DIET Art Education ഫാക്കൽറ്റി ജില്ലയിലെ മികവുറ്റ അഞ്ച് രചനകൾ കണ്ടെത്തി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)ക്ക് ലഭിക്കുന്നവിധം അയച്ചുതരണം.
4. സംസ്ഥാനതലത്തിൽ കമ്മീഷൻ രൂപം നൽകുന്ന പരിശോധനാസമിതി കമ്മീഷന്റെ ഉദ്ദിഷ്ട ലക്ഷ്യങ്ങൾ പ്രതിഫലിക്കുന്ന ഒരു ലോഗോ തെരഞ്ഞെടുക്കുന്നതാണ്. സംസ്ഥാനതലത്തിൽ മികച്ച മൂന്ന് രചനകൾക്ക് കമ്മീഷൻ സമ്മാനങ്ങൾ നൽകുന്നതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**

## A Brief Note on the logo for the Kerala State Commission for Protection of Child Rights

The United Nations Convention on the Rights of the Child (UNCRC) is an International Human Rights Treaty that makes it incumbent upon the signatory states to take all necessary steps to protect Children's Rights enumerated in the convention. India is also a signatory to the UNCRC. The National Commission for Protection of Child Rights (NCPCR) was set up in March 2007 as a statutory body under the Commissions for Protection of Child Rights Act, 2005 to protect, promote and defend child rights in the country. The Act also prescribes that all States should have a commission to protect the rights of children.

Based on the provisions given in the Commission for the Protection of Child Rights Act, 2005 ( Central Act No.4 of 2006), Government of Kerala have issued Kerala State Commission for the Protection of Child Rights Rules 2012. The Chairperson of the Commission has been appointed in May 2013. Various other States such as Assam, Bihar, Chhattisgarh, Delhi, Goa, Karnataka, Madhya Pradesh, Maharashtra, Orissa, Rajasthan, Sikkim, Tamil Nadu, Uttrakhand, and West Bengal have also constituted their separate State Commissions.

The State Commission has the mandate to examine and review the existing laws for the protection of child rights to assess compliance with convention on the Rights of child, inquire into cases of violation of child rights, look into factors inhibiting the enjoyment of those rights and suggest remedial measures, undertake and promote research in the field of child rights, promote child rights literacy, promote incorporation of child Rights in to school curriculum, undertake formal investigation where concern has been expressed either by children themselves or by concerned person on their behalf regarding violation of child rights, among other things.

Ensuring child participation in matters that impact their lives is one among the pillars of protection of child Rights. In that spirit the Chairperson, Kerala State Commission for Protection of Child Rights has addressed the Secretary, General

Education, Government of Kerala to involve school children of High School and Higher Secondary classes in a competition to prepare and present a logo for the Commission which the child considers appropriate. The Education Department will evolve an appropriate criteria for short listing of the entries depending upon the number of entries. A selected shortlist of entries will be sent to the Commission by the Education Department and the final selection of the best entry will be done by a Committee constituted by the Commission.

The National Commission and other State Commission have their own logo. Examples of logos of the National Commission for Protection of Child Rights and Delhi Commission for Protection of Child Rights are enclosed as illustrations.

Website of National Commission for Protection of Child Rights: www.ncpr.gov.in

Website of Social Justice Department, Govt of Kerala : www.swd.kerala.gov.in

12/7/13

A. ARUN [illegible]
Additional [illegible]
Public Instruction [illegible]
Directorate of [illegible]
Thiruvananthapuram-14